## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1488** **11/06/2019 ൽ മറുപടിക്ക്**

**കശുവണ്ടി വ്യവസായത്തിലെ പ്രതിസന്ധി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. കെ.എസ്. ശബരീനാഥൻ<br>ശ്രീ. വി.ടി. ബൽറാം<br>ശ്രീ. റോജി എം. ജോൺ | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സമൂഹത്തിലെ ലക്ഷക്കണക്കിന് പാവപ്പെട്ടവരുടെ ആശ്രയമായ കശുവണ്ടി വ്യവസായം അതീവഗുരുതരമായ പ്രതിസന്ധിയിലാണെന്നത് വസ്തുതയല്ലേ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്രസർക്കാർ നയങ്ങൾ കാരണവും ധനകാര്യ സ്ഥാപനങ്ങൾ സ്വീകരിച്ചിരുന്ന അനുകൂലമല്ലാത്ത സമീപനം കാരണവും കേരളത്തിലെ കശുവണ്ടി വ്യവസായം പ്രതിസന്ധി നേരിടുന്നുണ്ട്. അത് പരിഹരിക്കുന്നതിനുള്ള നിരന്തര ശ്രമങ്ങളാണ് സർക്കാർ നടത്തിവരുന്നത്.<br>വ്യവസായം നേരിടുന്ന പ്രതിസന്ധിയുടെ മറ്റ് കാരണങ്ങളും പരിഹാര നടപടികളും ചുവടെ കൊടുക്കുന്നു.<br>1.തോട്ടണ്ടിയുടെ ദൗർലഭ്യം<br>തോട്ടണ്ടിയുടെ ആഭ്യന്തര ഉത്പാദനം കുറവായതിനാൽ പ്രധാനമായും ഇറക്കുമതി തോട്ടണ്ടിയെയാണ് കേരളത്തിലെ കശുവണ്ടി വ്യവസായം ആശ്രയിക്കുന്നത്. ഇപ്പോൾ കാഷ്യൂ ബോർഡ് രൂപീകരിച്ച് തോട്ടണ്ടി ലഭ്യമാക്കുന്ന സാഹചര്യത്തിൽ തോട്ടണ്ടി ദൗർലഭ്യമെന്ന പ്രതിസന്ധിക്ക് പരിഹാരമായിട്ടുണ്ട്.<br>2.വർക്കിംഗ് കാപ്പിറ്റലിന്റെ അഭാവം<br>പ്രവർത്തനമൂലധനത്തിന്റെ അഭാവംമൂലം തോട്ടണ്ടി ലഭ്യമല്ലാതിരുന്ന പ്രശ്നത്തിന് കേരളാകാഷ്യുബോർഡിന്റെ രൂപീകരണത്തോടെ പരിഹാരമായിട്ടുണ്ട്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ കശുവണ്ടി വ്യവസായമേഖലയ്ക്കുമാവശ്യമായ തോട്ടണ്ടി ബോർഡുമുഖാന്തിരം ലഭ്യമാക്കുന്നതിന് |

സർക്കാർ കാഷ്യുബോർഡിനാവശ്യമുള്ള സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്.

3.തോട്ടണ്ടിയുടെ ഉയർന്ന വിലയും പ്രോസസിംഗ് ചാർജ്ജുകളും പരിപ്പിന്റെ വിൽപന വിലയേക്കാൾ താരതമ്യേന കൂടുതലാകുന്നത്. പൊതുമേഖലാസ്ഥാപനങ്ങളുടെ കാര്യക്ഷമത ഉയർത്തുന്നതിനും പരിപ്പിന്റെ വിപണനവും മാർക്കറ്റിംഗും ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4.കേരളത്തിലെ കശുവണ്ടി ഉൽപ്പാദനം ട്രേഡ് ഇൻഫർമേഷൻ അനുസരിച്ച് പ്രതി വർഷം ഏകദേശം 35,000 മെട്രിക് ടൺ മുതൽ 50,000 മെട്രിക് ടൺ വരെയാണ്. കേരളത്തിലെ കശുവണ്ടി ഉൽപ്പാദനം കുറയുന്നത് കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധിയാണ്. കേരള സംസ്ഥാന കശുമാവ് വികസന ഏജൻസി മുഖാന്തിരം ആഭ്യന്തരമായി കശുമാവ് കൃഷിവ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരികയാണ്.

5.Non-Least Developed രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിക്ക് ഇറക്കുമതി ചുങ്കം (Customs duty notification no.12/16 dated 01.03.2016) ഏർപ്പെടുത്തിയത് കേരളത്തിലെ കശുവണ്ടി വ്യവസായത്തിന് കടുത്ത പ്രതിസന്ധിയാണ് സൃഷ്ടിച്ചിട്ടുള്ളത്. ഇറക്കുമതിച്ചുങ്കം പൂർണ്ണമായി കുറയ്ക്കാൻ കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. കേരള സർക്കാർ ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

6.വിയറ്റ്നാം ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്നും ഗുണനിലവാരം കുറഞ്ഞ കശുവണ്ടി പരിപ്പ് സ്പെഷ്യൽ ഇക്കണോമിക് സോൺ വഴി ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്ത് വിപണനം നടത്തുന്നത് കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര വിപണിയെ സാരമായി ബാധിക്കുന്നുണ്ട്. കേന്ദ്രസർക്കാറിന്റെ ഇറക്കുമതി നയത്തിൽ മാറ്റം വരുത്തുന്നതിന് നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

ആധുനികവൽക്കരണത്തിലൂടെയും ഭാഗികമായ യന്ത്രവൽക്കരണത്തിലൂടെയും വ്യവസായമേഖല കാര്യക്ഷമമാക്കുന്നതിനും സർക്കാർ ഇടപെടൽ നടത്തിവരുന്നു.

| | | | |
|---|---|---|---|
| (ബി) | തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് പൂർണ്ണചുമതലയുള്ള കാഷ്യൂ ബോർഡ് കശുവണ്ടി ഇറക്കുമതിയിലൂടെ കോടികളുടെ നഷ്ടം വരുത്തി എന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | കണ്ടെത്തിയിട്ടില്ല. |
| (സി) | കാഷ്യൂ ബോർഡ് ഏത് രാജ്യത്തുനിന്നുമാണ് 2018-ന് ശേഷം കശുവണ്ടി ഇറക്കുമതി ചെയ്തത്; പ്രസ്തുത ഇറക്കുമതിക്ക് ഇ-ടെൻഡർ ഒഴിവാക്കി സാധാരണ ടെൻഡർ നടപടിയാണോ സ്വീകരിച്ചത്; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ; | (സി) | 2018-ന് ശേഷം കാഷ്യൂ ബോർഡ് മൊസാംബിക്, ഘാന എന്നീ രാജ്യങ്ങളിൽ നിന്നാണ് കശുവണ്ടി ഇറക്കുമതി ചെയ്തത്. സീൽഡ് ടെണ്ടർ വഴിയാണ് തോട്ടണ്ടി ഇറക്കുമതി ചെയ്തത്. ഇ-ടെണ്ടറിൽ വിദേശ കമ്പനികൾക്ക് നേരിട്ട് പങ്കെടുക്കുന്നതിന് ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് കണ്ടെത്തിയിരുന്നു. കശുവണ്ടി ഉത്പാദക രാജ്യങ്ങളിലെ കമ്പനികളുടെയും സ്ഥാപനങ്ങളുടെയും നേരിട്ടുള്ള പങ്കാളിത്തം പ്രോത്സാഹിപ്പിക്കുവാനും ഏജൻറുമാരുടെയും ഇടനിലക്കാരുടെയും പങ്കാളിത്തം ഒഴിവാക്കുന്നതിന് വേണ്ടിയാണ് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആണ് സീൽഡ് ടെണ്ടർ രീതി വഴി കശുവണ്ടി ഇറക്കുമതി ചെയ്തത്. |
| (ഡി) | ഇറക്കുമതിക്ക് മുമ്പ് തോട്ടണ്ടിയുടെ ഗുണനിലവാരം കർശനമായി ഉറപ്പാക്കുന്നതിന് കാഷ്യൂ ബോർഡിന് കഴിഞ്ഞിട്ടുണ്ടോ; | (ഡി) | ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ Landed quantity and landed quality-യെ അടിസ്ഥാനമാക്കിയാണ് അന്തിമ വില നൽകുന്നത്. ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ ഗുണനിലവാര പരിശോധന ഇന്ത്യയിൽ എത്തിയശേഷമാണ് നടത്തുന്നത്. തോട്ടണ്ടിയുടെ ഗുണനിലവാരം കട്ടിംഗ് ടെസ്റ്റ് മുഖേന വെളിപ്പെടുന്ന ഔട്ട്ടേണിലൂടെയാണ് നിർണ്ണയിക്കപ്പെടുന്നത്.<br>ഗുണനിലവാരത്തിലുള്ള കുറവ് ഔട്ട്ടേണിൽ പ്രതിഫലിക്കും. അതിനാൽ നിലവിലുള്ള വ്യാപാര സമ്പ്രദായങ്ങൾക്ക് അനുസൃതമായി ഔട്ട്ടേണിന്റെ അടിസ്ഥാനത്തിൽ ഇറക്കുമതി ചെയ്ത കശുവണ്ടിയുടെ ഗുണനിലവാരം നിർണ്ണയിക്കുന്ന രീതിയാണ് കാഷ്യൂ ബോർഡ് സ്വീകരിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഇ) | ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഇ) | അന്വേഷണം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ